15/05/02

# കേരള സർക്കാർ

നം.45347/ഡി.എ1/2007/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി. എ)വകുപ്പ്
തിരുവനന്തപുരം
തീയതി 31/07/2007

## സർക്കുലർ

വിഷയം:- കുടുംബശ്രീ - ആശ്രയ അഗതി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പരിശോധന സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 14.05.2007 ലെ ജി.ഒ. (എം.എസ്) നമ്പർ 128/2007/തസ്വഭവ നമ്പരായുള്ള സർക്കാർ ഉത്തരവ്.

2007 - 08 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയും പതിനൊന്നാം പഞ്ചവത്സരപദ്ധതിയും തയ്യാറാക്കുന്നതിനുവേണ്ടി സൂചനയിലെ സർക്കാർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഖണ്ഡിക 5.6.2 ൽ അനുബന്ധം 5 ൽ വിശദീകരിച്ചിട്ടുള്ള പ്രകാരം അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിനായി ആശ്രയ പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും നിർബന്ധമായും തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന ആശ്രയ പദ്ധതിയിലെ നിശ്ചിതമായ ഘടകങ്ങൾക്ക് സാമ്പത്തിക പിന്തുണ നൽകണമെന്നും നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിലെ എട്ടാം ഖണ്ഡികയിൽ ആശ്രയ പദ്ധതിയെ സെക്ടറൽ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതി രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനവും ആശ്രയ പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതികൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കണം.

1. മുൻ വർഷങ്ങളിൽ ആശ്രയ പദ്ധതി ഏറ്റെടുത്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ അവ ബഹുവർഷ പ്രോജക്ടുകളാകയാൽ നടപ്പുസാമ്പത്തിക വർഷത്തേയ്ക്ക് മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
2. പുതുതായി ആശ്രയ പദ്ധതി ആവിഷ്കരിക്കുന്ന പഞ്ചായത്തുകളെ സംബന്ധിച്ചെടുത്തോളം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ ആനുപാതികമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
3. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ അധിവസിക്കുന്ന പഞ്ചായത്തുകളിൽ / നഗരസഭകളിൽ റ്റി.എസ്.പി ഫണ്ടിന്റെ 50 ശതമാനം പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള ആശ്രയ പദ്ധതി തയ്യാറാക്കുന്നതിന് നീക്കിവച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
4. ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതി രേഖയിൽ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളിൽ നിന്നും പ്ലാൻ ഫണ്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരം ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്ന ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ തീരുമാനം പദ്ധതി രേഖയ്ക്കൊപ്പം ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
5. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും അവരുടെ പദ്ധതി രേഖകളിൽ പ്രസ്തുത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള ആശ്രയ പദ്ധതിക്കു വേണ്ടി തുക വകയിരുത്തിയിട്ടുണ്ടെന്ന് പരിശോധിക്കണം.
6. ജില്ലാ ആസൂത്രണ സമിതിയുടെ സെക്രട്ടേറിയറ്റ് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി രേഖയും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി രേഖകളും പരസ്പരം പരിശോധിച്ച് ആശ്രയ പദ്ധതിക്ക് തുക വകകൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.

നിലവിലുള്ള ആശ്രയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ജില്ലാ ആസൂത്രണ സമിതിക്ക് നൽകുന്നതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം

(ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.)

4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
5. എല്ലാ ജില്ലാ കളക്ടർമാർക്കും
6. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും /സെക്രട്ടറിമാർക്കും
7. എല്ലാ കോർപ്പറേഷൻ മേയർമാർക്കും / സെക്രട്ടറിമാർക്കും
8. എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും.
9. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
12. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
13. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
14. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
15. ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

**പകർപ്പ്**

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ആഫീസർ